"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീമതി. കുമാരി അജിതയുടെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2542/2025/GAD തീയതി, തിരുവനന്തപുരം, 11-06-2025

---

പരാമർശം:- 1. 19.06.2020 - ലെ സ.ഉ. (കൈ) നം. 118/2020/പൊ.ഭ.വ.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീമതി. കുമാരി അജിത ഫയൽ ചെയ്ത OA 58/2024 നമ്പർ കേസിലെ MA No. 695/2025 - ലെ 11.04.2025 - ലെ ഉത്തരവ്.

**ഉത്തരവ്**

കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിലെ സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ശ്രീമതി. കുമാരി അജിതയ്ക്കും കുറ്റാരോപിതരായ മറ്റ് ഉദ്യോഗസ്ഥർക്കുമെതിരെയുള്ള അച്ചടക്ക നടപടി പരാമർശം (1) പ്രകാരം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി അച്ചടക്ക നടപടി റദ്ദ് ചെയ്ത് സീനിയോറിറ്റിയും സ്ഥാനക്കയറ്റവുമുൾപ്പടെയുള്ള ആനുകൂല്യങ്ങൾ പുന:സ്ഥാപിച്ച് തരണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. കുമാരി അജിത ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 58/2024 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന്, ടിയാൾക്ക് അർഹതപ്പെട്ട സീനിയോറിറ്റി പുനസ്ഥാപിച്ച് നൽകുകയും അതിന്റെയടിസ്ഥാനത്തിലുള്ള സ്ഥാനക്കയറ്റം നൽകുകയും ചെയ്യുകയുണ്ടായി. ഇതിനെ തുടർന്ന്, സസ്പെൻഷൻ കാലയളവ് ക്രമീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി. കുമാരി അജിത ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ MA No. 695/2025 ഫയൽ ചെയ്യുകയും ടിയാളുടെ സസ്പെൻഷൻ കാലയളവായ 04.03.2018 മുതൽ 07.09.2018 വരെയുള്ള കാലയളവ് ഒരു മാസത്തിനുള്ളിൽ ക്രമീകരിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം ബഹു. ട്രൈബ്യൂണൽ ഉത്തരവിട്ടിരുന്നു.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി. കുമാരി അജിതയുടെ

14.03.2018 മുതൽ 06.09.2018 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും, ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള (07.09.2018 മുതൽ 30.09.2018 വരെ) KSRs Part I Rule 56 B (9) Note 2 പ്രകാരം അർഹമായതും അനുവദനീയവുമായ അവധിയായും ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് അപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

ശ്രീമതി. കുമാരി അജിത, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ് (നിയമ വകുപ്പ് മുഖേന)
നിയമ വകുപ്പ്
അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 11-06-2025 16:53:06
സെക്ഷൻ ഓഫീസർ